# വിടപറയുന്ന കർമ്മയോഗി

# ജേക്കബ് താഴത്തേലച്ചൻ



ബലിവേദിയിൽ



ജ്യേഷ്ഠ സഹോദരൻ റ്റി. സി. ജോസഫുമൊത്ത്



ദൈവിക വീഥികളിൽ പാദമുറപ്പിച്ച്



കൂട്ടായ്മയുടെ സന്തോഷം



അരുവിത്തുറയിലെ മാതൃഭവനം



വിശുദ്ധിയുടെ വഴികളിൽ...



അനാഥർക്ക് ആലംബമായി...





സുവിശേഷ വെളിച്ചവുമായി മിഷൻ പ്രദേശങ്ങളിൽ

## കൈകൾ നിറയെ കാഴ്ചകളുമായ് പിതൃഭവനത്തിലേയ്ക്ക്...

ദൈവാനുഭവത്തിന്റെ, ദൈവസ്നേഹത്തിന്റെ നിറകുടമായിരുന്ന താഴത്തേൽ ബഹു.ജേക്കബച്ചൻ പിതൃഭവനത്തിലേയ്ക്ക് യാത്രയായി.......... ഈ ലോകജീവിതത്തിന്റെ മായകളിൽ ഹൃദയമൂന്നാതെ തിരുമുഖദർശനവും അതിന്റെ സ്നേഹതീക്ഷ്ണതയും നെഞ്ചിലേറ്റി പിന്നിട്ട 98 വർഷങ്ങൾ.......... തന്റെ ജീവിതം മുഴുവൻ ദൈവജനസേവനത്തിനായി ക്രിസ്തുവിന്റെ പ്രതിപുരുഷനായി ആ പൂജ്യദേഹം സ്വയം ഇല്ലാതാക്കി. ദിവ്യനാഥന്റെ പാത പിന്തുടരുവാൻ, അവിടുത്തെ മുന്തിരിത്തോപ്പിൽ വേലചെയ്യുവാൻ തീവ്രമായി ആഗ്രഹിച്ച പുണ്യപുരുഷൻ! ഇല്ലായ്മയിലും ഉള്ളായ്മയിലും ഡി.എസ്.റ്റി. സന്യാസിനീസമൂഹത്തെ രൂപകല്പന ചെയ്യുവാനും താങ്ങും തണലുമായി നിന്നുകൊണ്ട് വളർത്തിക്കൊണ്ടു വരുവാനും അക്ഷീണം പ്രയത്നിച്ച കാലഘട്ടങ്ങൾ........ സുകൃതസമ്പാദനത്തിനും ലളിതജീവിതത്തിനും വേണ്ട പാഠങ്ങൾ ഉൾക്കൊള്ളുവാൻ സഭാതനയരായ ഞങ്ങൾക്ക് മറ്റാരിലേക്കും നോക്കേണ്ടി വന്നില്ല. അതെ,സുകൃതജീവിതത്തിന്റെ കറകളഞ്ഞ രൂപമാണ് ഞങ്ങളുടെ അച്ചൻ. ഇന്ന് നിത്യതയിലേക്ക് കടന്നുപോകുമ്പോൾ തിരുമുമ്പിൽ സമർപ്പിക്കുവാനായി കൈകൾ നിറയെ സുകൃതങ്ങൾ കാഴ്ചയായുണ്ട്. സത്യത്തിന്റെ, വിനയത്തിന്റെ, ലളിതജീവിതത്തിന്റെ, പ്രാർത്ഥനയുടെ, ദാനധർമ്മത്തിന്റെ, അദ്ധ്വാനത്തിന്റെ, സഹോദരസ്നേഹത്തിന്റെ എല്ലാറ്റിനും ഉപരിയായി തന്റെ രോഗശയ്യയിലെ നിശ്ശബ്ദസഹനത്തിന്റെ പുണ്യമലരുകളെ കൈക്കുമ്പിളിലാക്കി തിരുസ്സന്നിധിയിലേയ്ക്ക് നീങ്ങുന്ന ഞങ്ങളുടെ പ്രിയപ്പെട്ട ചാക്കോച്ചാ, അങ്ങേയ്ക്ക് ഡി.എസ്.റ്റി. തനയരുടെ ആദരാഞ്ജലികൾ!!!



Designing & Printing Seraphic Press, Bharananganam Ph: 04822-236487, 237474

വിടപറയുന്ന കർമ്മയോഗി

ജേക്കബ് താഴത്തേലച്ചൻ

## മിഷനറിയാകുവാൻ ആഗ്രഹിച്ചു; മിഷനറി സന്യാസിനീ സമൂഹത്തിന്റെ സ്ഥാപകനായി–

73 വർഷങ്ങളായി
ക്രിസ്തുവിന്റെ പുരോഹിതൻ...
ദൈവത്തിനും ദൈവജനത്തിനുമിടയിലെ മദ്ധ്യസ്ഥൻ...
അമ്മയുടെ കരുതലോടെ അജഗണങ്ങളുടെ
ആവശ്യങ്ങളറിഞ്ഞ അജപാലകൻ...
മലബാർ സഭയുടെ മനസ്സറിഞ്ഞ
തീക്ഷ്ണമതിയായ പ്രേഷിതൻ...
സീറോ മലബാർ സഭയുടെ
ആദ്യത്തെ ഏതദ്ദേശീയ
മിഷനറി സന്യാസിനീ സമൂഹത്തിന്
രൂപം കൊടുത്ത കർമ്മയോഗി...



*അങ്ങ് എനിക്ക് ജീവന്റെ മാർഗ്ഗം കാണിച്ചു തരുന്നു;*
*അങ്ങയുടെ സന്നിധിയിൽ ആനന്ദത്തിന്റെ പൂർണ്ണതയുണ്ട്.*
*അങ്ങയുടെ വലതുകൈയിൽ ശാശ്വതമായ സന്തോഷമുണ്ട്.*
*(സങ്കീർത്തനം . 16, 11)*

| | | |
|---|---|---|
| ജനനം | : | 02 - 02 - 1912 |
| തിരുപ്പട്ട സ്വീകരണം | : | 21 - 12 - 1937 |
| മരണം | : | 13 - 10 - 2009 |

ഇസ്രായേൽ എന്ന് വിളിക്കപ്പെട്ട പൂർവ്വപിതാവായ യാക്കോബിനെപ്പോലെ ആദിമസഭയുടെ നെടുംതൂണുകളിലൊന്നായ യാക്കോബ് ശ്ലീഹായെപ്പോലെ താഴത്തേൽ ജേക്കബച്ചനും തിരുസ്സഭയ്ക്ക് അമൂല്യസംഭാവനകൾ നല്കണമെന്നത് ദൈവനിയോഗമായിരുന്നു...

### ജനനം, ജന്മഗൃഹം, ഇടവക

ഭാരതത്തിന് വിശുദ്ധിയുടെ സുഗന്ധം പകർന്ന വിശുദ്ധ അൽഫോൻസാമ്മയുടെ സാന്നിദ്ധ്യത്തിൽ ലോക ചരിത്രത്തിലിടം നേടിയ ഭരണങ്ങാനം 1912 ഫെബ്രുവരി 2-ന് ഭരണങ്ങാനം ഇടവകയിൽ താഴത്തേൽ കുടുംബത്തി ലായിരുന്നു പെരി.ബഹു. ജേക്കബ് താഴത്തേലച്ചൻ ജനിച്ചത്. കുലീനരും ഭക്തരുമായ താഴത്തേൽ കുരുവിളയുടെയും അന്നയുടെയും ആറാമത്തെ സന്താനമായിരുന്നു "കുഞ്ചാക്കോ" എന്ന ജേക്കബച്ചൻ. ഭരണങ്ങാനത്തിനടുത്ത് അന്നുണ്ടായിരുന്ന പാട്ടുപാറപള്ളിയിൽ മച്ചിയാനിയ്ക്കൽ ദേവസ്യാച്ചനിൽ നിന്നും ജ്ഞാനസ്നാനം സ്വീകരിച്ചു. "യാക്കോബ് "എന്നായിരുന്നു നാമധേയം.

സൗമ്യനും മിതഭാഷിയുമായിരുന്ന കുഞ്ചാക്കോ ശിശുപ്രായം മുതൽ ആത്മീയകാര്യങ്ങളിൽ തല്പരനാ യിരുന്നു. കുരുവിള, മറിയം തുടിയംപ്ലാക്കൽ, സ്കറിയ, ഫാ. റ്റി.സി. ജോസഫ് (പാലാ രൂപത), ദേവസ്യാച്ചൻ, ഏലി പ്ലാത്തോട്ടം എന്നിവരായിരുന്നു സഹോദരങ്ങൾ. സഭാകാര്യങ്ങളിൽ സദാ താല്പര്യം പുലർത്തിയിരുന്ന താഴത്തേൽ കുടുംബാംഗങ്ങൾ ആശ്രിതർക്കും വിദ്യാഹീനർ ക്കുമിടയിൽ സുവിശേഷ വെളിച്ചം പകരുന്നതിൽ ജാഗ്രത പുലർത്തിയിരുന്നു.

### ഡി.എസ്.റ്റിയുടെ ഉദ്ഘാടനവേളയിൽ ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ സെബാസ്റ്റ്യൻ വയലിൽ പിതാവ് പറഞ്ഞു:

"ഇത് ഇപ്പോൾ ഒരു ചെറിയ കടുകുമണി കുഴിച്ചിടുന്നതു പോലെയാണ്. ഇത് വളർന്ന് വികസിച്ച് പന്തലിച്ച് അതിന്റെ മേൽ ധാരാളം പക്ഷികൾ വന്ന് അഭയം തേടും. അതിന്റെ തണലിൽ അനേകം ജീവജാലങ്ങൾ വന്ന് നിവസിക്കും. അങ്ങനെ ഇത് കേരളസഭയ്ക്ക് വലിയൊരു അനുഗ്രഹമായി ത്തീരും എന്ന് ഞാൻ ആശംസിക്കു കയാണ്"ഈ വാക്കുകൾ ഇന്ന് ജേക്കബച്ചനിലൂടെ അന്വർത്ഥമായി ക്കഴിഞ്ഞു.



പ്രസിദ്ധീകരണം: ഡി. എസ്. റ്റി. ജനറലേറ്റ് ഭരണങ്ങാനം
2009 ഒക്ടോബർ 14

CMYK